II.ഇ.ബി. XII--കേരള നിയമസഭ/V-14

**പന്ത്രണ്ടാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ–സംഗ്രഹം**

2007 ജൂലൈ 13, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

99 (*451) വിലക്കയറ്റം

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പച്ചക്കറി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ സ്വാഭാവികമായ വർദ്ധനവുണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന ഭക്ഷ്യ വസ്തുക്കളുടെ ദൗർലഭ്യം, വില വർദ്ധനവ് എന്നിവയുടെ അടിസ്ഥാനത്തിലുണ്ടാകുന്ന വിലക്കയറ്റം തടയുന്നതിന് പരിമിതികളുണ്ടെങ്കിലും ഇടനിലക്കാരെ ഒഴിവാക്കി ഇ.ടെന്റർ മുഖേന ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്ന് നേരിട്ട് സാധനങ്ങൾ ശേഖരിച്ചും വിലക്കയറ്റമുണ്ടാകുമ്പോൾ നഷ്ടം സഹിച്ച് വില കൂട്ടാതെ സാധനങ്ങൾ വിറ്റും വിലക്കയറ്റം തടയുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. പച്ചക്കറികൾക്ക് വില വർദ്ധനവ് ഉണ്ടാകുമ്പോൾ അത് യഥാസമയം കണ്ടെത്തി നിയന്ത്രിക്കുന്നതിന് കേരളാ സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ

പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ കമ്പോള ഇടപെടലുകൾ നടത്തുകയും 20% വില കുറച്ച് വിൽപ്പന നടത്തുകയും ചെയ്യുന്നു. നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം തടയാൻ സിവിൽ സപ്ളൈസ് കോർപ്പറേഷൻ കമ്പോളത്തിൽ ഇടപെടുകയും മാവേലി സ്റ്റോറുകൾ, ലാഭം സ്റ്റോറുകൾ, ശബരി സ്റ്റോറുകൾ, ശബരി സൂപ്പർ മാർക്കറ്റുകൾ തുടങ്ങിയ സ്ഥിരം സംവിധാനത്തിലൂടെ അവശ്യസാധനങ്ങൾ വ്യാപകമായി വിതരണം ചെയ്യുകയും ചെയ്യുന്നു. പൊതുകമ്പോളത്തിലെ എല്ലാ കടകളിലും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാൻ നിഷ്ക്കർഷിച്ചും വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തിയും വിലക്കയറ്റം നിയന്ത്രിക്കാൻ സ്ഥിരമായ സംവിധാനം ജില്ലാകളക്ടറേറ്റിൽ ഏർപ്പെടുത്തിയിട്ടുള്ളതുകൂടാതെ വിലനിലവാരം നിരീക്ഷിക്കുന്നതിനായി ജില്ലാ-സംസ്ഥാനതലങ്ങളിൽ പ്രൈസ് മോണിറ്ററിംഗ് സെല്ലുകളും പ്രവർത്തിച്ചുവരുന്നു. കരിഞ്ചന്തയും പൂഴ്ത്തിവയ്പും കണ്ടെത്തുന്നതിനും തടയുന്നതിനുമായി ഭക്ഷ്യോപദേശക വിജിലൻസ് കൗൺസിലുകളും സ്ഥിരം സംവിധാനമെന്ന നിലയിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുവേണ്ടി നിലവിലുള്ള നിയമത്തിലെ പഴുതുകൾ അടച്ചുകൊണ്ട് മറ്റൊരു നിയമം കൊണ്ടുവരുന്ന കാര്യവും ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. വിലവർദ്ധനവുണ്ടാകുമ്പോൾ സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ സൂപ്പർമാർക്കറ്റുകൾവഴി പച്ചക്കറി വിപണനം നടത്താറുണ്ട്. വിലസ്ഥിരത നിലനിർത്തുന്നതിന് കുറഞ്ഞത് ഒരു മാസത്തേയ്ക്കെങ്കിലും ഒരേ വില എന്ന തത്വവും സപ്ളൈകോ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റേഷൻകടകൾ ആധുനികവൽക്കരിച്ച് കൃത്യമായ അളവിലും തൂക്കത്തിലും ഗുണനിലവാരമുള്ള റേഷൻ വസ്തുക്കൾ വിതരണം ചെയ്യാനും കൂടുതൽ

ശബരി സ്റ്റോറുകൾ അരംഭിക്കാനും ഉദ്ദേശിക്കുന്നുണ്ട്. എല്ലാ സാധനങ്ങളും ഒരുകുടക്കീഴിൽ ലഭിക്കത്തക്കവണ്ണം ജില്ലകൾതോറും 'പീപ്പിൾസ് ബസ്സാർ' തുടങ്ങുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നതായി മന്ത്രി വ്യക്തമാക്കി. ഹോർട്ടികോർപ്പ്, മിൽമ, പോൾട്രിഫാം, എം.പി.ഐ തുടങ്ങിയവയെല്ലാം ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് ഓണക്കാലത്ത് പച്ചക്കറിയും മറ്റ് നിത്യോപയോഗ സാധനങ്ങളും ന്യായമായ വിലയ്ക്ക് സിവിൽ സപ്ളൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. മാവേലി സ്റ്റോറുകളിൽ ഘട്ടംഘട്ടമായി Deep Freezer സംവിധാനം ഏർപ്പെടുത്തി പെരിഷബിൾ ഐറ്റമായ പച്ചക്കറി സൂക്ഷിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് പരിശോധിക്കുന്നതാണ്. വൻകിട കമ്പനിക്കാർ ഉൽപ്പാദനകേന്ദ്രങ്ങളിൽ ചെന്ന് നേരിട്ട് പച്ചക്കറി ശേഖരിച്ച് ചില്ലറ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യാൻ അനുമതി നൽകിയതിൽ വ്യാപകമായ പ്രതിഷേധം ഉയർന്നുവന്നിട്ടുള്ളതിനാൽ അത് പുനഃപരിശോധിക്കേണ്ടതാണ് കേരള ഗവണ്മെന്റ് മാവേലി മെഡിക്കൽ സ്റ്റോറുകൾവഴി 10% മുതൽ 40% വരെ വിലകുറച്ച് ഔഷധങ്ങൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. ചിക്കുൻഗുനിയ ഔഷധങ്ങൾക്ക് 50 ശതമാനവും ഡയബറ്റിക്സ് ഔഷധങ്ങൾക്ക് 20 ശതമാനവും വില കുറവാണ്. ഒരു താലൂക്കിൽ 5 മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പണപ്പെരുപ്പം ദേശീയതലത്തിൽ വർദ്ധിച്ചപ്പോഴും കഴിഞ്ഞ പത്തുമാസക്കാലമായി സപ്ളൈ കോ യുടെ 3000 ഔട്ട്ലെറ്റ്കളിലും വിലനിലവാരം ഒരേ രീതിയിൽ പിടിച്ചുനിർത്താൻ

കഴിഞ്ഞ ഏക സംസ്ഥാനമാണ് കേരളം. ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കഴിഞ്ഞ കാലത്തെടുത്തതിനേക്കാൾ ശക്തമായ നിലപാടുകളാണ് ഇക്കൊല്ലം ഗവണ്മെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്നത്. കേരളത്തിൽ പി.ഡി.എസ്. (Public Distribution System) കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കയറ്റുമതി, മായംചേർക്കൽ എന്നീ നടപടികളിലേർപ്പെട്ടിരിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സംയുക്ത പരിശോധനകൾ നടന്നുവരുന്നുണ്ട്. കേന്ദ്ര പ്ലാനിംഗ് ബോർഡ് അംഗീകരിച്ചിട്ടുള്ള ബി.പി.എൽ മാനദണ്ഡം പുന:പരിശോധിക്കണമെന്നഭ്യർത്ഥിച്ച് കേന്ദ്ര സിവിൽ സപ്ളൈസ് വകുപ്പുമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്. കൊച്ചി പോലുള്ള നഗരങ്ങളിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന പച്ചക്കറിയുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന് സിവിൽ സപ്ളൈസ്, കൃഷി, സഹകരണം എന്നീ വകുപ്പുകൾ ചേർന്നുള്ള സംയുക്ത സംരംഭത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. 'എന്റെ മരം' പദ്ധതിപോലെ സ്കൂൾ കോമ്പൗണ്ടിൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് കുട്ടികളെ ഈ രംഗത്തേയ്ക്ക് പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

100 (*452) <u>സംസ്ഥാനത്തെ സ്വർണ്ണ നിക്ഷേപം</u>

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ചാലിയാറിന്റെ തീരങ്ങളിലും മരുത തുടങ്ങിയ പ്രദേശങ്ങളിലും സ്വർണ്ണനിക്ഷേപമുള്ളതായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടെങ്കിലും ഈ മേഖലകളിൽ

സ്വർണ്ണ ഖനനം നടത്തുന്നില്ലെന്നും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാനാവുകയുള്ളൂവെന്നും സഭയെ അറിയിച്ചു. സ്വർണ്ണനിക്ഷേപം കണ്ടെത്തിയ സ്ഥലം റിസർവ്വ് വനമായതിനാലും ആനകൾ സഞ്ചരിക്കുന്ന ഇടനാഴി ആയതിനാലും വനപ്രദേശത്തെ ഖനനപ്രവർത്തനം വനത്തിലെ ആവാസവ്യവസ്ഥയെ തകർക്കുമെന്നതിനാലുമാണ് കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്തതെന്നും അതിനുള്ള തുടർശ്രമങ്ങൾ നടത്തിവരികയാണെന്നും മന്ത്രി വ്യക്തമാക്കി. സ്വർണ്ണഖനന സാധ്യതാ പഠനത്തിനായി 1.77 കോടി രൂപ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഗ്പൂരിലെ മെസ്സേഴ്സ് മിനറൽ എക്സ്പ്ളൊറേഷൻ കോർപ്പറേഷന് അനുവദിച്ചിട്ടുള്ളതിന്റെ 15 ശതമാനമായ 26.56 ലക്ഷംരൂപ സംസ്ഥാന സർക്കാർ വിഹിതമാണ്. സംസ്ഥാനത്ത് വ്യാപകമായിട്ടുള്ള ധാതു നിക്ഷേപം വ്യാവസായികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനുള്ള പദ്ധതി നിലവിലുണ്ട്. മൂവാറ്റുപുഴയിൽ വ്യാപകമായി കണ്ടെത്തിയിട്ടുള്ള ഗ്രാഫൈറ്റ് നിക്ഷേപം ഖനനം ചെയ്യുന്നതുസംബന്ധിച്ച് പരിശോധിക്കുന്നതാണ്. സംസ്ഥാനത്ത് ലഭ്യമാകുന്ന എല്ലാ ധാതുക്കളും വ്യാവസായിക വളർച്ചയ്ക്കും വികസനത്തിനും വേണ്ടി ഫലപ്രദമായി ഉപയോഗിക്കത്തക്കവിധത്തിലുള്ള സമഗ്രമായ പദ്ധതിയെക്കുറിച്ച് ഗവണ്മെന്റ് ആലോചിക്കുന്നതാണ്. പേരാമ്പ്രയിൽ ഇരുമ്പയിര് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കാൻ മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വിലപിടിപ്പുള്ള ധാതുനിക്ഷേപങ്ങളായ ഗ്രാനൈറ്റ്, ഗ്രാഫൈറ്റ്, വജ്രക്കല്ല് എന്നിവ പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധത്തിൽ ശാസ്ത്രീയമായി

ഖനനം ചെയ്യുന്നതിന് സംസ്ഥാന ഗവണ്മെന്റ് സമഗ്രമായ ഒരു നയം ആവിഷ്ക്കരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിന് മന്ത്രി മറുപടി നൽകി.

101 (*453) <u>സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിന് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച</u>

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വിവിധ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി 2006 ആഗസ്റ്റ് മാസത്തിലും 2007 ജൂലൈ മാസത്തിലും ഭരണ-പ്രതിപക്ഷ കക്ഷികളിൽപ്പെട്ട നേതാക്കൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെ സന്ദർശിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആദ്യസന്ദർശനത്തിൽ വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ് ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ പദ്ധതിയ്ക്ക് അനുമതി നൽകുക, സംസ്ഥാനം നടത്തിയ ബി.പി.എൽ സർവ്വേയ്ക്ക് അനുമതി നൽകുക, ഭക്ഷ്യധാന്യങ്ങളുടെ ക്വാട്ട വർദ്ധിപ്പിക്കുക, മുല്ലപ്പെരിയാറിന്റെ സുരക്ഷ ഉറപ്പാക്കുക, മുല്ലപ്പെരിയാർ പ്രശ്നം എത്രയുംവേഗം പരിഹരിക്കുക തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് നിവേദനം നൽകുകയുണ്ടായി. 2007 ജൂലൈ മാസം 4-ാം തീയതിയിലെ സന്ദർശനത്തിൽ റെയിൽവേയുടെ സേലം ഡിവിഷൻ രൂപീകരണം സംബന്ധിച്ച് കേരള-തമിഴ്നാട് മുഖ്യമന്ത്രിമാർ ചർച്ച ചെയ്ത് ധാരണയിലെത്തുന്നതുവരെ ഡിവിഷന്റെ പണി സ്റ്റേ ചെയ്യിക്കണമെന്നും കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്ക് പരമാവധി സഹായമെത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നിവേദനം നൽകിയിട്ടുണ്ട്. സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങളോട് കേന്ദ്ര സർക്കാർ അനുഭാവപൂർവ്വമായ സമീപനം

സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച് സംസ്ഥാനത്തിന്റെ താൽപ്പര്യം പരിഗണിക്കുന്ന കാര്യത്തിലും സേലം ഡിവിഷന്റെ കാര്യത്തിലും അനുകൂലമായ തീരുമാനമുണ്ടാകാത്തതിനാൽ ഇക്കാര്യത്തിൽ ശക്തമായ ഇടപെടൽ തുടർന്നും ആവശ്യമാണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. തലശ്ശേരി-മൈസൂർ റെയിൽവേയുടെ സർവ്വേയെ സംബന്ധിച്ച് കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തുകയും കത്തയയ്ക്കുകയും കേന്ദ്ര റയിൽവേമന്ത്രിയെ കാണുകയും ചെയ്തതിന്റെ ഫലമായി ഈ വർഷം അത് അംഗീകരിച്ചതായിട്ടാണ് അറിയാൻ കഴിഞ്ഞത്. തിരുവനന്തപുരം-നാഗർകോവിൽ പാസഞ്ചർ ട്രെയിൻ യാത്രക്കാരുടെ യാത്രാക്ളേശം പരിഹരിക്കുന്നതിന് തിരുവനന്തപുരം-നാഗർകോവിൽ പാസഞ്ചർ ട്രെയിനിലെ ബോഗികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യവും പാറശ്ശാലയിൽ എക്സ്പ്രസ്സ് ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യവും, അങ്കമാലി-ശബരിമല റെയിൽവേയുടെ കാര്യവും കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ടെന്ന് ഉപചോദ്യങ്ങൾക്കുത്തരമായി മുഖ്യമന്ത്രി വ്യക്തമാക്കി. കാർഷികമേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി നിയോഗിച്ച സ്വാമിനാഥൻ കമ്മീഷൻ ആലപ്പുഴ ജില്ലയെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും, ഇടുക്കി ജില്ലയെ സംബന്ധിച്ച് പഠിച്ചുകൊണ്ടിരിക്കുകയാണെന്നും എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കേരളത്തിന്റെ ഭക്ഷ്യധാന്യവിഹിതം കേന്ദ്രം വെട്ടിക്കുറച്ചത് പുന:സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കേരള ഹൗസിൽ എം.പി.മാരെ കേന്ദ്രീകരിച്ചുകൊണ്ട്

പ്രവർത്തിക്കുന്ന ഒരു ഉന്നതതല ഉദ്യോഗസ്ഥ സംവിധാനം ആരംഭിക്കുന്നതിനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

102 (*456) അടിയന്തിരാവസ്ഥക്കാലത്തെ തടവുകാർക്ക് പെൻഷൻ

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, അടിയന്തിരാവസ്ഥക്കാലത്ത് 5618 പേരെയാണ് തടവുകാരായി സംസ്ഥാനത്തെ വിവിധ ജയിലുകളിൽ അടയ്ക്കപ്പെട്ടതെന്നറിയിച്ചു.

103 (*459) കന്നുകാലി രോഗപ്രതിരോധ നടപടികൾ

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കന്നുകാലി രോഗപ്രതിരോധത്തിനായി ഗോരക്ഷാ വിഷൻ എന്ന പരിപാടിവഴി കുളമ്പുരോഗം, കുരലടപ്പൻ, ആന്ത്രാക്സ്, കരിങ്കൊറു എന്നീ രോഗങ്ങൾക്കെതിരെ എല്ലാ വർഷവും പ്രതിരോധ കുത്തിവയ്പ് നടത്തിവരുന്നുണ്ടെന്നറിയിച്ചു.

104 (*466) വ്യവസായ വാണിജ്യമേഖലകൾക്ക് കേന്ദ്രസഹായം

വ്യവസായ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരളത്തിന്റെ വ്യവസായ വാണിജ്യ മേഖലകൾക്ക് പരമാവധി കേന്ദ്രസഹായം ലഭിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽനിന്നും 5062.19 ലക്ഷം രൂപയുടേയും ഹാൻഡ്‌ലൂം ആന്റ് ടെക്സ്റ്റൈൽ ഡയറക്ടറേറ്റിൽനിന്നും 211.96 കോടി രൂപയുടേയും കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) ൽനിന്നും 50.41 കോടി രൂപയുടേയും പദ്ധതികൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നറിയിച്ചു.

105 (*468) <u>പ്ലാനിംഗ് ബോർഡ് രൂപം നൽകിയിട്ടുള്ള പുതിയ പദ്ധതികൾ</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, ജനനന്മയും പാവപ്പെട്ടവരുടെ ക്ഷേമവും ലാക്കാക്കിക്കൊണ്ടുള്ള പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, ഭവനനിർമ്മാണം, സാമൂഹ്യ സുരക്ഷിതത്വം, നാമമാത്ര ചെറുകിട വ്യവസായ സംരംഭങ്ങളുടെ വിപണനം, വിവരസാങ്കേതിക വിദ്യ, പോഷകാഹാര പരിപാടി, സ്ത്രീശാക്തീകരണം, ഗ്രാമീണ ഊർജ്ജവികസനം, ഭരണപരിഷ്കരണം എന്നീ മേഖലകളിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതുൾപ്പെടെയുള്ള ലക്ഷ്യങ്ങൾ മുൻനിറുത്തി 'ഫ്ളാഗ് ഷിപ്പ്' എന്നറിയപ്പെടുന്ന മുൻഗണനാ പദ്ധതികൾ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നറിയിച്ചു.

106 (*474) <u>ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ</u>

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിൽ പ്രസിഡന്റ് ഉൾപ്പെടെ അഞ്ച് അംഗങ്ങളേയും ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിൽ പ്രസിഡന്റ് ഉൾപ്പെടെ മൂന്ന് അംഗങ്ങളേയും വീതമാണ് നിയമിക്കേണ്ടതെന്നറിയിച്ചു.

107 (*476) <u>കൈത്തറി മേഖലയുടെ കടം</u>

വ്യവസായ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവ അടങ്ങിയ കൈത്തറി മേഖലയുടെ കടം 257.63 കോടി രൂപയോളമാണെന്നും കൈത്തറി മേഖലയുടെ കടബാദ്ധ്യത, പലിശനിരക്ക് എന്നിവ കുറയ്ക്കാൻ ഉദ്ദേശി

ക്കുന്നതായി കേന്ദ്ര സർക്കാരിൽനിന്നും ഡെവലപ്മെന്റ് കമ്മീഷണർ(ഹാന്റ്ലൂം) അറിയിച്ചിട്ടുണ്ടെന്നും അറിയിച്ചു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

169 (3450) ഇ-ഗവേർണൻസ് പദ്ധതി

കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരമുള്ള നാഷണൽ ഇ-ഗവേർണൻസ് പദ്ധതിയുടെ ഭാഗമായി കേരളം ധനസഹായത്തിനായി 16 വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ വകുപ്പുകളിലും ഇ-ഗവേർണൻസ് നടപ്പിലാക്കുക എന്നതാണ് സർക്കാർ നയം. പ്രസ്തുത പദ്ധതിയുടെ പരിപാടികൾ 3 മുതൽ 5 വർഷത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

170 (3451) കേന്ദ്രാവിഷ്കൃത പദ്ധതികൾ

സംസ്ഥാനത്ത് 2006-07 സാമ്പത്തിക വർഷത്തിൽ 206 കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 838.71 കോടി രൂപയുടെ പദ്ധതിവിഹിതമുണ്ടായിരുന്നതിൽ 578.96 കോടി രൂപ (താൽക്കാലിക കണക്ക്) ചെലവഴിച്ചു.

171 (3469) കേന്ദ്രാനുമതിക്കായി സമർപ്പിച്ച പദ്ധതികൾ

സംസ്ഥാനത്തിന്റെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കത്തക്കവിധത്തിലുള്ള വിവിധ പദ്ധതികളും/പ്രോജക്ടുകളും ഉൾക്കൊള്ളുന്ന 40422 കോടി രൂപ അടങ്കലുള്ള 11-ാം പഞ്ചവൽസര പദ്ധതിയുടെ കരട് രേഖ കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 1-ാം വർഷമായ 2007-08 ൽ 6950 കോടി രൂപയുടെ പദ്ധതി അടങ്കലിന് ആസൂത്രണ കമ്മീഷൻ അംഗീകാരം നൽകിയിട്ടുണ്ട്.

172 (3479) <u>അഖിലേന്ത്യാ സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥർ</u>

അഖിലേന്ത്യാ സർവ്വീസായ ഐ.എ.എസ്., ഐ.പി.എസ്., ഐ. എഫ്.എസ്. വിഭാഗങ്ങളിലായി 267 പേർ കേരളത്തിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്.

173 (3519) <u>കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ ഗവേഷണ കേന്ദ്രം</u>

കോന്നിയിൽ ഭക്ഷ്യ ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിന്റെ ഭാഗമായി ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബ് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ അഞ്ചു കോടി രൂപ തത്വത്തിൽ അനുവദിക്കുകയും ഈ വിവരം 16.3.2006 ലെ കത്തുമുഖേന സംസ്ഥാന സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ-സംസ്കരണ മന്ത്രാലയം അനുവദിച്ച 5 കോടി രൂപയിൽ 1.26 കോടി രൂപ മാത്രമാണ് റിലീസ് ചെയ്തിട്ടുള്ളത്. ഈ തുക ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനു വേണ്ടി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ലാബ് പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

174 (3522) <u>സൗജന്യ റേഷൻ</u>

2001 മുതൽ 2006 വരെ സംസ്ഥാനത്തൊട്ടാകെ 2951851 കുടുംബങ്ങൾക്കായി 39,44,54,457.13 രൂപയുടെ സൗജന്യ റേഷൻ നൽകിയിട്ടുണ്ട്.

175 (3536) <u>മാവേലി മെഡിക്കൽ സ്റ്റോറുകൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 280 പുതിയ മാവേലി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. തിരുവനന്തപുരത്ത് മൂന്നും ആലപ്പുഴയിൽ ഒരു മാവേലി മെഡിക്കൽ സ്റ്റോറും പുതുതായി തുടങ്ങിയിട്ടുണ്ട്.

176 (3558) <u>സംസ്ഥാനത്തുനിന്നുള്ള കയറ്റുമതി</u>

കുരുമുളക്, കശുവണ്ടി, കയർ-കയറുൽപ്പന്നങ്ങൾ, തേയില, സമുദ്രോൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജന എണ്ണകൾ, ഒലിയോ റെസിൻസ്, സോഫ്റ്റ് വെയർ തുടങ്ങിയവയാണ് കേരളത്തിൽനിന്നും പ്രധാനമായും കയറ്റുമതി ചെയ്യുന്നത്. ശരാശരി ഒരു വർഷം 7386 കോടി രൂപയുടെ കയറ്റുമതി നടക്കുന്നുണ്ട്. കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ, സ്പൈസസ് ബോർഡ്, മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (MPEDA), റബ്ബർ ബോർഡ്, കയർ ബോർഡ്, കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് തുടങ്ങിയ ഏജൻസികളാണ് കയറ്റുമതിയും ഇറക്കു മതിയും ഫലപ്രദമായി നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് പ്രവർത്തി ക്കുന്നത്.

177 (3563) <u>സെറികൾച്ചർ വികസനം</u>

ജനങ്ങളുടെ ഒരു അനുബന്ധ ജോലിയായി വികസിപ്പിച്ചെടുത്തിട്ടുള്ള സെറികൾച്ചറിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ് (സെറിഫെഡ്) ആണ്. പാലക്കാട് ജില്ലയിൽ 2005 ആഗസ്റ്റിൽ കൊക്കൂണിന് ഒരു തുറന്ന വിപണി ആരംഭിച്ചു. സെറിഫെഡിന്റെ കീഴിലുള്ള പട്ടണക്കാട്, ഉദുമ എന്നീ നൂലുൽപ്പാദന കേന്ദ്രങ്ങളിലെ യന്ത്രങ്ങളെ നവീകരിച്ചതുവഴി നൂലിന്റെ ഗുണ നിലവാരവും ഉൽപാദനവും വർദ്ധിപ്പിച്ചു. കാസർഗോഡ് ജില്ലയിൽ ഒരു സിൽക്ക് വിപണനകേന്ദ്രവും പാലക്കാടും കണ്ണൂരും വസ്ത്രനിർമ്മാണവും ആരംഭിച്ചതു കൂടാതെ തിരുവനന്തപുരം താലൂക്ക് സെറികൾച്ചർ കോ-ഓപ്പ റേറ്റീവ് സൊസൈറ്റിയുടെ കീഴിൽ രണ്ട് വീവിംഗ് പ്രോജക്ടുകൾ നടപ്പി

ലാക്കി. തിരുവനന്തപുരം ഹെഡ്ഡാഫീസിനോടനുബന്ധിച്ച് ഒരു സിൽക്ക് ഷോറൂം ആരംഭിച്ചു. സെറികൾച്ചർ അനുബന്ധവ്യവസായങ്ങളായ സിൽക്ക്റീലിംഗ്, സിൽക്ക് നെയ്ത്ത്, വ്യാവസായികാടിസ്ഥാനത്തിലുള്ള വസ്ത്ര നിർമ്മാണ വിപണനം എന്നിവയും സഹകരണമേഖലയിൽ ലക്ഷ്യമിടുന്നുണ്ട്.

178 (3585) <u>കൈത്തറി തൊഴിലാളി സഹകരണ സംഘങ്ങൾ</u>

സംസ്ഥാനത്ത് ആകെ 758 കൈത്തറി തൊഴിലാളി സഹകരണ സംഘങ്ങളുണ്ട്.

179 (3590) <u>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി</u>

സംസ്ഥാനത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ ഒരു എക്സ്റ്റൻഷൻ സെന്റർ സ്ഥാപിക്കുന്ന കാര്യം കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കണ്ണൂരിലെ മൊറാഴ വില്ലേജിൽ 3.774 ഹെക്ടർ സ്ഥലം ഈ സെന്റർ സ്ഥാപിക്കാൻ അനുയോജ്യമായി കണ്ടെത്തിയിട്ടുണ്ട്.